REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-06-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അടിയന്തരാവസ്ഥയുടെ ഓർമ്മയിൽ രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു.**
- **ഭരണഘടനാ മൂല്യങ്ങൾ കഠിനമായ പരീക്ഷണം നേരിട്ട കാലഘട്ടത്തിന്റെ ഓർമ്മയാണ് അടിയന്തരാവസ്ഥയെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **വെനസ്വേലയിലെ ഭൂചലനത്തിൽ 32 പേർ മരിച്ചു-700 ലേറെ പേർക്ക് പരിക്ക്.**
- **ലഹരിക്കെതിരായ പോരാട്ടത്തിൽ നാടൊന്നാകെ അണി ചേരണമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് A യിൽ ദക്ഷിണാഫ്രിക്കയ്ക്ക് ജയം. ഗ്രൂപ്പ് E മത്സരങ്ങൾ നാളെ പുലർച്ചെ.**

## വാർത്തകൾ വിശദമായി

രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു. 1975 ജൂൺ 25-ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ ഓർമ്മപ്പെടുത്തലായാണ് എല്ലാ വർഷവും ജൂൺ 25-ന് സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കുന്നത്. അടിയന്തരാവസ്ഥക്കാലത്ത് ദുരിതമനുഭവിച്ചവരെ ആദരിക്കാനും, ജനാധിപത്യ മൂല്യങ്ങളെക്കുറിച്ച് പൗരന്മാരെ ബോധവൽക്കരിക്കാനുമാണ് ദിനാചരണം.

✪✪✪

അടിയന്താരാവസ്ഥ കാലത്ത് ജനാധിപത്യ മൂല്യങ്ങൾ സംരക്ഷക്കുന്നതിൽ ഉറച്ചു നിന്ന എല്ലാ ധീരാത്മാക്കൾക്കും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവർ

ആദരാഞ്ജലി അർപ്പിച്ചു. ഭരണഘടനാ മൂല്യങ്ങൾ കഠിനമായി പരീക്ഷണം നേരിട്ട കാലഘട്ടത്തിന്റെ ഗൗരവമേറിയ ഓർമ്മയാണ് അടിയന്തരാവസ്ഥയെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ സാമൂഹികമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട അധ്യായങ്ങളിലൊന്നാണ് അടിയന്തരാവസ്ഥാ കാലമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾ സംരക്ഷിക്കാൻ ഇന്ത്യ എപ്പോഴും പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി അറിയിച്ചു.

ഭാവിയിൽ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും മേൽ ആക്രമണം ഉണ്ടാവാതിരിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

✪✪✪

വെനസ്വേലയിലെ കാരക്കാസിലും പരിസര പ്രദേശങ്ങളിലും രാവിലെയുണ്ടായ ഭൂചലനത്തിൽ 32 പേർ മരിക്കുകയും 700 ലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി വെനസ്വേലൻ പ്രസിഡണ്ട് ഡെൽസി റോഡ്രിക്സ് പറഞ്ഞു. ഭൂചലനങ്ങളെത്തുടർന്ന് പ്രസിഡണ്ട് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. റിക്ടർ സ്കെയിലിൽ 7.2 ഉം, 7.5 ഉം തീവ്രത രേഖപ്പെടുത്തിയ രണ്ട് തുടർ ഭൂചലനങ്ങളാണ് ഉണ്ടായത്. നിരവധി കെട്ടിടങ്ങൾ തകർന്നതായും, രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും അധികൃതർ അറിയിച്ചു.

✪✪✪

ഭൂചലനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം അറിയിച്ചു. ദുരിത ബാധിതർക്ക് ഇന്ത്യ സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

വാരാണസിയിലെ ലാൽ ബഹാദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ആദ്യത്തെ ഈസി കണക്ട് വിമാനം കേന്ദ്രമന്ത്രി K രാം മോഹൻ നായിഡു ഉദ്ഘാടനം ചെയ്തു. വാരാണസിയെ ഡൽഹി വഴി ലോകവുമായി ബന്ധിപ്പിക്കുന്ന ആദ്യത്തെ ഹബ്ബ് ആന്റ് സ്പോക് വിമാനമാണ് ഉദ്ഘാടനം ചെയ്തത്.

✪✪✪

കേന്ദ്രീയ വിദ്യാലയങ്ങൾക്കായി സംഘടിപ്പിച്ച 36-ാമത് ദേശീയ യുവജന പാർലമെന്റ് മത്സരത്തിന്റെ സമ്മാനങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കേരളത്തിൽ നിന്ന് - തിരുവനന്തപുരം പള്ളിപ്പുറം കേന്ദ്രീയ വിദ്യാലയം പുരസ്ക്കാരം സ്വീകരിക്കും.

✪✪✪

നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം നാളെ ന്യൂഡൽഹിയിൽ ചേരും. ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷനാകും. രാജ്യത്തെ മയക്കുമരുന്ന് കടത്തും മയക്കുമരുന്ന് ദുരുപയോഗവും ചെറുക്കാൻ ആവശ്യമായ ശ്രമങ്ങൾ അവലോകനം ചെയ്യാനും ശക്തിപ്പെടുത്താനുമാണ് യോഗം സംഘടിപ്പിക്കുന്നതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

✪✪✪

ലഹരിക്കെതിരായ പോരാട്ടത്തിൽ നാടൊന്നാകെ അണി ചേരണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

ഓപ്പറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ട്' പദ്ധതിയുടെ രണ്ടാം ഘട്ടമായ നിയോജകമണ്ഡലാടിസ്ഥാനത്തിലെ പ്രചാരണ പരിപാടികൾ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾക്ക് 'തൂഫാൻ പ്രതിജ്ഞ' യും ആഭ്യന്തര മന്ത്രി ചൊല്ലിക്കൊടുത്തു. ചടങ്ങിൽ പ്രത്യേകം തെരഞ്ഞെടുത്ത മൂന്ന് വിദ്യാർത്ഥികൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അദ്ദേഹം 'തൂഫാൻ വാരിയർ ബാഡ്ജുകൾ' സമ്മാനിച്ചു.

✪✪✪

മദ്യനികുതി കുറയ്ക്കലിൽ UDF തീരുമാനമെടുക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ഗവൺമെന്റിന്റെ നയങ്ങളിൽ അന്തിമ തീരുമാനമെടുക്കേണ്ടത് UDF ആണെന്നും സ്വകാര്യമേഖലക്ക് ഖനനാനുമതി നല്കുമെന്ന് ബജറ്റിൽ എവിടെയും പറഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് വിദ്യാർഥി സമരത്തിനിടെ ബ്ലെയ്ഡ് കണ്ടെത്തിയതിൽ അന്വേഷണം നടത്തുന്നുണ്ടെന്നും ആരാണ് ഇതിന്റെ പിന്നിലെന്ന് കണ്ടെത്തുമെന്നും ചെന്നിത്തല കൊച്ചിയിൽ മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

വീര്യംകുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കുന്നത് സംബന്ധിച്ച് UDF-ൽ ചർച്ച ചെയ്തതിന് ശേഷം വേണമായിരുന്നു തീരുമാനമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് VM സുധീരൻ പറഞ്ഞു.

നിയമസഭയിൽ ധനബിൽ അവതരിപ്പിക്കുമ്പോൾ നികുതി ഇളവ് പിൻവലിച്ച് പ്രഖാപനം നടത്തണമെന്ന് സുധീരൻ ആവശ്യപ്പെട്ടു. ആലപ്പുഴ തീരത്ത് കരിമണൽ ഖനനമുണ്ടാകില്ലെന്ന് പ്രഖ്യാപിച്ച UDF, ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കണമെന്നും സുധീരൻ മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വീര്യം കുറഞ്ഞ മദ്യനികുതി കുറയ്ക്കലിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ ആരോപിച്ചു. ഈ നടപടി സംസ്ഥാനത്ത് മദ്യവ്യാപനത്തിന് കാരണമാകുമെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

സ്വന്തം പാർട്ടിയിലോ, മുന്നണിയിലോ അറിയാതെയാണ് മുഖ്യമന്ത്രി VD സതീശൻ വീര്യം കുറഞ്ഞ മദ്യത്തിന് നികുതി കുറയ്ക്കാൻ തീരുമാനമെടുത്തതെന്ന് മുൻ മന്ത്രി MB രാജേഷ് ആരോപിച്ചു. ഇത് സംബന്ധമായ ഫയൽ നീക്കം ദ്രുതഗതിയിലായിരുന്നുവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് E-യിൽ നാളെ പുലർച്ചെ 1.30ന് കുറാസോവ, ഐവറി കോസ്റ്റിനെയും, ഇക്ഡോർ, ജർമ്മനിയെയും നേരിടും. ഗ്രൂപ്പ് F-ൽ 4.30ന് ട്യുണീഷ്യ- നെതർലാന്റുമായും, ജപ്പാൻ സ്വീഡനുമായും ഏറ്റുമുട്ടും. രാവിലെ ഏഴരക്ക് ഗ്രൂപ്പ് D-യിൽ തുർക്കിയെ, അമേരിക്കയെയും, പരാഗ്വേ- ഓസ്ട്രേലിയയെയും നേരിടും.

ഇന്ന് ഗ്രൂപ്പ് A യിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക ദക്ഷിണ കൊറിയയെ ഏകപക്ഷീയമായ ഒരു ഗോളിന് തോൽപ്പിച്ചു. മറ്റൊരു മൽസരത്തിൽ മെക്സിക്കോ, ചെക്കിയയെ എതിരില്ലാത്ത മൂന്നു ഗോളിനും പരാജയപ്പെടുത്തി.

ഗ്രൂപ്പ് C മത്സരത്തിൽ പുലർച്ചെ ബ്രസീൽ സ്കോട്ട്ലാന്റിനെ എതിരില്ലാത്ത മൂന്നു ഗോളിന് പരാജയപ്പെടുത്തി. ഇതേ ഗ്രൂപ്പിൽ അറ്റ്ലാന്റയിൽ മറ്റൊരു മത്സരത്തിൽ മൊറോക്കോ, രണ്ടിനെതിരെ നാലു ഗോളിന് ഹെയ്തിയെയും തോൽപ്പിച്ചു. ഗ്രൂപ്പ് B മത്സരത്തിൽ ബോസ്നിയ-ഹെർസെഗോവിന ഒന്നിനെതിരെ മൂന്നു ഗോളിന് ഖത്തറിനെയും, സ്വിറ്റ്സർലാന്റ് ഒന്നിനെതിരെ രണ്ട് ഗോളിന് കാനഡയെയും തോൽപ്പിച്ചു.

✪✪✪

I.C.C വനിതാ ട്വന്റി- 20 ലോകകപ്പ് ഗ്രൂപ്പ് A മത്സരത്തിൽ ഇന്ന് മാഞ്ചസ്റ്ററിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് ഏഴിനാണ് മത്സരം. ഹർമൻപ്രീത് കൗർ നയിക്കുന്ന ടീം, ഗ്രൂപ്പ് എയിൽ നിലവിൽ രണ്ടാം സ്ഥാനത്താണ്.

✪✪✪

അഹമ്മദാബാദിൽ ഏഷ്യൻ കപ്പ് വോളിബോൾ മത്സരത്തിൽ  തുടർച്ചയായി നാല് മത്സരങ്ങൾ ജയിച്ച് ഇന്ത്യ സെമി ഫൈനലിൽ എത്തി. പൂൾ A-യിൽ നിലവിലെ ചാമ്പ്യന്മാരായ ബഹ്റിനെ തോൽപ്പിച്ചാണ് ഇന്ത്യ സെമി ഉറപ്പാക്കിയത്. പൂളിലെ അവസാന മത്സരത്തിൽ ഇന്ത്യ രാത്രി ഒമ്പതിന് ഓസ്ട്രേലിയയെ നേരിടും.

✪✪✪

കണ്ണൂർ ജില്ലയിൽ ഏഴ് മാസത്തിനിടയിൽ  9,248 റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേക്ക് മാറ്റി.  ജില്ലയിലെ മൂന്ന് മാസത്തെ റേഷൻ വിതരണത്തിന്റ തോത് ശരാശരി 90 ശതമാനമാണ്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂരിൽ നിന്ന് KO. ശശിധരൻ.

..........വോയ്സ്.......

ജില്ലയിലാകെ 6,92,330 റേഷൻ കാർഡുകൾ ആണുള്ളത്.  മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയതിൽ  8630  പിങ്ക് കാർഡും, 618 എ ഏ വൈ കാർഡുമാണ്.  860 റേഷൻകടകളും 110 കെ-സ്റ്റോറുകളും ആണ് ജില്ലയിൽ ഉള്ളത്.  കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കെ സ്റ്റോറുകൾ വഴി  1.89 കോടി രൂപയുടെ വിൽപ്പന  നടത്താൻ കഴിഞ്ഞുവെന്നും ജില്ലാ സിവിൽ സപ്ലൈസ് അധികൃതർ അറിയിച്ചു.

ജില്ലയിലെ നാല് സുഭിക്ഷ ഹോട്ടലുകളിലൂടെ 30 രൂപയ്ക്കാണ് ഊണ് നൽകുന്നത്. ഒരു ഊണിന് 5 രൂപ നിരക്കിലാണ് സർക്കാർ സബ്സിഡി. മാസം ശരാശരി 31000 ഊൺ വിൽപ്പന നടത്തുന്നുണ്ട്. സഞ്ചരിക്കുന്ന റേഷൻ കട മുഖേന ഒൻപത് ഗോത്രവർഗ ഉന്നതികളിൽ, 348 കുടുംബങ്ങൾക്കായി നിലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

✪✪✪

പത്തനംതിട്ട ഗവിയിൽ അങ്കണവാടി ഹെൽപ്പർ കൊല്ലപ്പെട്ടത് അങ്ങേയറ്റം നിർഭാഗ്യകരമായ സംഭവമാണെന്നും അവരുടെ കുടുംബത്തിനു വേണ്ട കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുമെന്നും  മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. ടൂറിസ്റ്റ് ഭൂപടത്തിൽ ഇടം പിടിച്ച ഗവിയിൽ പ്രദേശവാസികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം കൊടുത്ത് പ്രവർത്തനങ്ങൾ നടത്താൻ ഗവൺമെന്റ് ആലോചിച്ചു വരുന്നതായും മന്ത്രി പത്തനംതിട്ടയിൽ മാധ്യമങ്ങളോട് പറഞ്ഞു

✪✪✪

സ്ത്രീകൾക്ക് KSRTCയിൽ സൗജന്യ യാത്ര പ്രഖ്യാപിച്ചപ്പോൾ കൊല്ലത്തെ ജനങ്ങൾക്കൊപ്പം സന്തോഷം പങ്കിട്ട വേളയിൽ അവിചാരിതമായാണ് പായസം തലയിൽ വീണതെന്നും, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും സുരക്ഷാ വീഴ്ച ഉണ്ടായിട്ടില്ലെന്നും മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. സംഭവത്തിൽ പരാതി ഇല്ലാത്തതിനാൽ അന്വേഷണം അവസാനിപ്പിക്കണമെന്ന് DGP-യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

CMRL-എക്സാലോജിക് മാസപ്പടിക്കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ T ചോദ്യംചെയ്യലിന് വീണ്ടും കൊച്ചിയിലെ ED ഓഫീസിൽ എത്തി. ഇത് രണ്ടാം തവണയാണ് വീണ ED-ക്ക് മുന്നിൽ ചോദ്യം ചെയ്യലിന് ഹാജരാകുന്നത്.

ഈ മാസം 29ന് ഹാജരാകാനാണ് ED നോട്ടീസ് നല്കിയിരുന്നത്. കഴിഞ്ഞ ദിവസമാണ് കേസ് സംബന്ധമായ SFIO രേഖകൾ EDക്ക് ലഭിച്ചത്.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ഇന്നലെ 133 കേസുകൾ രജിസ്റ്റർ ചെയ്തു. 139 പേർ അറസ്റ്റിലായി. ഇവരിൽ നിന്ന് 71 ഗ്രാമിലധികം MDMA യും, 3 കിലോയിലധികം കഞ്ചാവും 0.4 ഗ്രാം ഹെറോയിനും രണ്ട് കഞ്ചാവ് ചെടിയും പിടിച്ചെടുത്തു. ഇതുവരെ 3,790 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആകെ 4070 അറസ്റ്റുകളും നടന്നു.

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ കോഴിക്കോട് സൗത്ത്മണ്ഡലം ഉദ്ഘാടനം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തി. എം.കെ രാഘവൻ എം പി ഉദ്ഘാടനം ചെയ്തു.

✪✪✪

കരിപ്പൂരിൽ കസ്റ്റംസിനെ വെട്ടിച്ച് എമർജൻസി ലാംബിൽ ഒളിപ്പിച്ചു കടത്തിയ 10 സ്വർണ്ണ ബിസ്ക്കറ്റ് പൊലീസ് പിടികൂടി. ദുബൈയിൽ നിന്നും ഫ്ലൈ നാസ് വിമാനത്തിൽ കരിപ്പൂരിൽ എത്തിയ മലപ്പുറം കിഴിശ്ശേരിസ്വദേശി അസ്ലം ആണ് പൊലീസിന്റെ പിടിയിലായത്.

✪✪✪

മലപ്പുറം മഞ്ചേരിയിൽ  ഇന്നോവ കാറിൽ നിന്ന് 16 കിലോ കഞ്ചാവ് പിടിച്ചെടുത്തു. സംഭവത്തിൽ കാളികാവ് സ്വദേശി നിഹാലിനെയാണ് നാട്ടുകാർ പിടികൂടി പൊലിസിനെ ഏൽപ്പിച്ചത്.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*News Team: എ വി ഫർദിസ്, എം  ശ്രുതി, ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*